# പ്രാദേശിക സാമ്പത്തിക വികസനസാധ്യതകൾ

## തിരിച്ചറിയുക, നിങ്ങളുടെ ഗ്രാമത്തെ



ISED-SEO

**ചെറുകിട സംരംഭ നിരീക്ഷണകേന്ദ്രം**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് & ഡെവലപ്മെന്റ്**

വെണ്ണല, കൊച്ചി - 682028

പ്രിയ സുഹൃത്തെ,

കേരളം, തൊഴിൽദാതാക്കളുടെ എന്നതിനേക്കാൾ, തൊഴിലന്വേഷകരുടെ നാടാണ്. സംസ്ഥാനത്ത് തൊഴിൽ കമ്പോളത്തിലെ 17 ശതമാനം ആളുകൾ മാത്രം സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ, അഖിലേന്ത്യാതലത്തിലെ നിരക്ക് 51 ശതമാനമാണ്. സ്വാഭാവികമായി, നാട്ടിലും വിദേശത്തും തൊഴിൽ തേടുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു.

ആഗോളവൽക്കരണവും വർദ്ധിച്ച അന്തർദ്ദേശീയ കുടിയേറ്റവും പുതിയൊരു ദിശയിൽ നീങ്ങുന്നതായാണ് കഴിഞ്ഞ രണ്ടോ മൂന്നോ വർഷത്തെ അനുഭവം കാണിക്കുന്നത്. വർദ്ധിച്ച നഗരവൽക്കരണ പ്രതിഭാസം, ഏഷ്യയിലെ മറ്റുചില രാജ്യങ്ങളെപ്പോലെ, ഇന്ത്യയിലും സമീപകാലത്ത് ദൃശ്യമാണ്. പ്രവാസികളുടെ കൂട്ടത്തോടെയുള്ള തിരിച്ചുവരവും, പ്രാദേശികതലത്തിലെ സംരംഭക സാധ്യതകളും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്ന ചലനങ്ങളാണ് ഇവയൊക്കെ. സ്വയം സംരംഭകരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനയില്ലാതെ കേരളത്തിന് നിലനിൽപില്ല എന്ന യാഥാർത്ഥ്യം ബാക്കി നിൽക്കുന്നു.

പഞ്ചായത്തിരാജിന്റേയും ജനകീയാസൂത്രണം പോലെയുള്ള പദ്ധതികളുടെയും കേരളത്തിലെ നേട്ടങ്ങൾ കുറച്ചുകാണേണ്ടവയല്ല. പക്ഷെ, ഈ നേട്ടങ്ങൾ സുസ്ഥിരമാകുന്നു എന്ന് ഉറപ്പുവരുത്തണമെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക ഭരണക്രമം (economic governance) വൈവിദ്ധ്യവൽകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിരാജ് ഭരണക്രമത്തിൽ സംരംഭകരെയും അവരുടെ ആശയങ്ങളെയും ഉൾപ്പെടുത്താനുള്ള വിപുലമായ ശ്രമങ്ങളുണ്ടാകണം. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും മാത്രം പോരാ, സംരംഭകരുടെ ആശയങ്ങൾ പ്രാദേശികമായി സ്വരൂപിക്കാനുള്ള ശ്രമംകൂടിയുണ്ടാകണം. ഇങ്ങനെ മാത്രമെ 'തൊഴിലും ജീവനോപാധികളും ഉണ്ടാക്കുക' എന്ന പഞ്ചായത്തുകളുടെ കടമ വിജയകരമായി നടപ്പാക്കാൻ കഴിയൂ. കൂട്ടായ ചർച്ചകളും, പഠനങ്ങളും നടത്തുന്നതോടൊപ്പം, ചില നൂതനമായ തന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

പ്രാദേശിക സാമ്പത്തിക വികസന തന്ത്രങ്ങൾ രൂപപ്പെടുത്തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യപ്രവർത്തനങ്ങളിലൊന്നാണ്. ഇത് സംബന്ധിച്ച നിരവധി പ്രവർത്തനങ്ങൾ കഴിഞ്ഞ 27 വർഷമായി നടത്തിവരുന്നു. പ്രാദേശിക സ്കിൽ മാപ്പിംഗ്, ഗ്രാമീണ സംരംഭകത്വ വികസന പരിപാടി, സംരംഭകത്വ ക്ലിനിക്ക്, സ്കിൽ ഡെവലെപ്മെന്റ് തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾക്ക് ദേശീയതലത്തിലും, അന്തർദ്ദേശീയതലത്തിലും വലിയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഈ രംഗത്തെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സഹായം നൽകാനായി പുതിയ ചില പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ആവിഷ്ക്കരിച്ചുവരികയാണ്. പഞ്ചായത്തുകൾക്ക് പുതിയ ചില പ്രവർത്തനമേഖലകളിലേർപ്പെടാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ, ഇത്തരം ചില നൂതന ആശയങ്ങൾക്ക് നേതൃത്വം നൽകുന്ന പഞ്ചായത്തുകൾക്ക് ദേശീയതലത്തിൽ പുരസ്കാരം ഏർപ്പെടുത്താനും ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

നൂതനമായ ചില വിശകലന രീതികളും സാങ്കേതികവിദ്യയും ഉപയോഗിച്ച് നിർദ്ദിഷ്ട ഗ്രാമത്തിന്റെ വികസന സാദ്ധ്യതകൾ വിശകലനം ചെയ്യുകയും സാദ്ധ്യമായ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം. നിക്ഷേപകർക്ക് പുതിയ സാദ്ധ്യതകൾ പരിശോധിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കഴിവുകൾ പരമാവധി നിക്ഷേപക സൗഹൃദമായ രീതിയിൽ ഉപയോഗപ്പെടുത്താനുമുള്ള പശ്ചാത്തലമൊരുക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

വെണ്ണല ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡെവലപ്മെന്റ് (ഐ.എസ്.ഇ.ഡി.) 1988 ൽ സ്ഥാപിതമായ ഒരു സാമൂഹ്യശാസ്ത്ര സ്വയംഭരണ സ്ഥാപനമാണ്. ന്യൂഡൽഹി ആസ്ഥനാമായ ഇന്ത്യൻ അസോസിയേഷൻ ഓഫ് സോഷ്യൽ സയൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് (IASSI) ന്റെ ഭാഗമായ ഇൻസ്റ്റിറ്റ്യൂട്ട്, സംരംഭക വികസന രംഗത്തെ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വ്യവസായ രംഗത്ത്, പ്രത്യേകിച്ച് ചെറുകിട സംരംഭവികസനരംഗത്ത്, ദേശീയതലത്തിലും സംസ്ഥാനതല

ത്തിലും നിരവധി പുതിയ ആശയങ്ങൾക്കും പ്രവർത്തന പരിപാടികൾക്കും നേതൃത്വം നൽകിവരുന്നു.

1997 ൽ സ്ഥാപിതമായ ചെറുകിട സംരംഭ നിരീക്ഷണകേന്ദ്രം എന്ന പ്രത്യേക വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, സംരംഭ വികസന മേഖലയിലെ പഠനങ്ങൾക്കും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജില്ലകളിലെയും സംരംഭക പ്രവർത്തനങ്ങളെയും സാധ്യതകളെയും സംബന്ധിച്ച ഡേറ്റാ ബാങ്ക് സൂക്ഷിക്കുന്നതോടൊപ്പം വാർഷിക വിശകലനങ്ങളും നടത്തിവരുന്നു.

ടോക്കിയോ ആസ്ഥാനമായ ഏഷ്യൻ പ്രോഡക്റ്റിവിറ്റി ഓർഗനൈസേഷ (APO) ന്റെ, ചെറുകിട സംരംഭ രംഗത്തെ പ്രായോഗിക പ്രവർത്തനങ്ങൾക്കുള്ള പുരസ്ക്കാരവും, ന്യൂയോർക്ക് ആസ്ഥാനമായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷ (IIE) ന്റെ 'സംരംഭ വികസന ലീഡർഷിപ്പ്' പുരസ്ക്കാരവും ലഭിച്ചിട്ടുണ്ട്.

'തിരിച്ചറിയുക നിങ്ങളുടെ ഗ്രാമത്തെ' എന്ന പരിപാടി എറണാകുളം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗ്രാമത്തിൽ ഈ വർഷം നടപ്പാക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ പ്രാരംഭമായി ജില്ലയിലെ പഞ്ചായത്തുകളിൽ ചില പ്രാഥമിക പഠനങ്ങൾ നടത്താനുദ്ദേശിക്കുന്നു. താങ്കളുടെ വിലയേറിയ അഭിപ്രായങ്ങളും സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു. വിശദ വിവരങ്ങൾക്ക് : കോ-ഓർഡിനേറ്റർ, ഐ.എസ്.ഇ.ഡി. സ്മാൾ എന്റർപ്രൈസ് ഒബ്സർവേറ്ററി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ഡെവലപ്മെന്റ്, വെണ്ണല, കൊച്ചി - 682 028. ഫോൺ: 0484 2808171. ഞങ്ങളുടെ വെബ്സൈറ്റ് www.isedonline.org സന്ദർശിക്കാൻ താങ്കളെ ക്ഷണിക്കുന്നു.

അഭിവാദനങ്ങളോടെ,


പി.എം. മാത്യു
ഡയറക്ടർ, ഐ.എസ്.ഇ.ഡി.